**C-SiS**

**Centre for Science in Society**
**Cochin University of Science & Technology**

ശാസ്ത്ര സമൂഹ കേന്ദ്രം
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

***സാമ്പത്തിക/സാമൂഹിക പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് ഭാഗികമായോ, പൂർണ്ണമായോ സൗജന്യം അനുവദിക്കും. പഠിക്കുന്ന സ്കൂൾ ഹെഡ്മാസ്റ്ററുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഈ സൗജന്യം അനുവദിക്കുക.***

2019ലെ മദ്ധ്യവേനൽ പരിപാടികൾക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ആദ്യം എത്തുന്നവർക്ക് ആദ്യം എന്ന ക്രമത്തിലായിരിക്കും അഡ്മിഷൻ നൽകുക. ഓരോ ബാച്ചിലെയും സീറ്റുകൾ ക്ലിപ്തമാണ്. ആ സംഖ്യ പൂർണ്ണമായാൽ അഡ്മിഷൻ അവസാനിപ്പിക്കും.

*STDP* കോഴ്സുകളുടെ പ്രവേശനത്തിന്, കുട്ടിയുടെയും രക്ഷാകർത്താവിന്റെയും പേര്, വിലാസം, ഫോൺ, ഈ വർഷം (2018-19) പഠിച്ചുകൊണ്ടിരിക്കുന്ന സ്റ്റാൻഡേർഡ്, സ്കൂൾ എന്നിവ അടങ്ങുന്ന അപേക്ഷയോടൊപ്പം, കോസ്റ്റ് ഷെയർ ഫീയും (നേരിട്ട് - *Cash/Bank Draft payable to Hon. Director, C-SiS, at State Bank of India, CUSAT Campus Branch, Cochin - 682 022)* താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയയ്ക്കുക.



**c-sis ന്റെ വെബ്സൈറ്റിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാണ്.**

ഓണററി ഡയറക്ടർ
ശാസ്ത്ര സമൂഹ കേന്ദ്രം
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല,
കൊച്ചിൻ യൂണിവേഴ്സിറ്റി പി.ഒ., കൊച്ചി - 682 022.
**Phone : 0484-2575039/0484-2575552**
**e-mail: c-sis@cusat.ac.in, csiscusat@gmail.com**
**Website: c-sis.cusat.ac.in**

# ശാസ്ത്ര സമൂഹ കേന്ദ്രം
## കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
## C-SiS, CUSAT

**Centre for Science in Society, Cochin University of Science & Technology**



# സ്കൂൾ വിദ്യാർത്ഥികൾക്ക് 2019 മദ്ധ്യവേനൽ അവധിക്കാലത്ത് ശാസ്ത്രാഭിമുഖ്യ-സമഗ്രപ്രാപ്തി വികസനപരിപാടികൾ

## Science Talent & Total Capacity Development Programmes (STDP) 2019

## ADMISSIONS STARTED

**Upper Primary and High School** വിദ്യാർത്ഥികൾക്ക് പ്രത്യേക ബാച്ചുകൾ **(J and S: Junior & Senior** ബാച്ചുകൾ).
ക്ലാസ്സുകൾ രണ്ടു മൊഡ്യൂളുകൾ **(M1 & M2 )** ആയിട്ടാണ് സംവിധാനം ചെയ്തിരിക്കുന്നത്.

**Module M1 : From 1st April to 30th April 2019**
**Module M2 : From 2nd May to 30th May 2019**
**(Central Schools and Similar Institutions)**

*മലയാളം മീഡിയം വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകും.*

## ശാസ്ത്രാഭിമുഖ്യ – സമഗ്രപ്രാപ്തി വികസനപരിപാടികൾ

ഈ അദ്ധ്യയനവർഷം (2018 - 19) നാലു മുതൽ ഒമ്പതു വരെ സ്റ്റാൻഡേർഡുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് രസകരമായിട്ടുള്ളതും ഗഹനപഠനസ്വഭാവമുള്ളതുമായ പരിപാടികളാണ് ഈ വേനൽക്കാല പഠനപദ്ധതികളിൽ ഉണ്ടാവുക.

ഈ പ്രധാന പഠനകോഴ്സുകൾക്ക് C-SiS ൽ ക്രമീകരിച്ചിട്ടുള്ള അതുല്യ പഠനസഹായ സൗകര്യങ്ങൾ എല്ലാം ഉപയോഗപ്പെടുത്തുന്നു. കുട്ടികളുടെ ശാസ്ത്രപഠനത്തിനും, ശാസ്ത്രാഭിമുഖ്യ - സമഗ്രപ്രാപ്തി വികസനത്തിനും വേണ്ടി സജ്ജീകരിച്ചിട്ടുള്ള ഈ അത്യപൂർവ്വ സൗകര്യങ്ങളിൽ ചിലത് ഇവയാണ്: -

1. ശാസ്ത്ര ഉദ്യാനം (Science Park) 2. ഔഷധസസ്യ ഉദ്യാനം, ചിത്രശലഭ ഉദ്യാനം 3. ശാസ്ത്ര പവലിയനുകൾ 4. ഗണിത ശാസ്ത്ര ലാബ് (Maths Lab) 5. ഭൗതികശാസ്ത്ര ലാബ് (Phyics Lab) 6. രസതന്ത്രം ലാബ് (Chemistry Lab) 7. ജീവശാസ്ത്രം ലാബ് (Biology Lab) 8. കംപ്യൂട്ടർ/ IT ലാബ് 9. കുട്ടികളുടെ ശാസ്ത്രഗ്രന്ഥശാല (Science Library) 10. വാനനിരീക്ഷണ (Astronomical) ടെലിസ്ക്കോപ്പ്, ISRO Pavilion, IEEE Pavilion ഇലക്ട്രോണിക്സ് ലാബ് etc.

നാലോ അഞ്ചോ ആഴ്ചകളിലായിട്ടാണ് ഈ മദ്ധ്യവേനൽ പഠനപരിപാടി നടത്തുന്നത്. പ്രതിദിനപഠനസമയം : തിങ്കൾ മുതൽ ശനിവരെ എല്ലാ ആഴ്ചയും: (1) 8.30 a.m. to 12.30 p.m. (2) 10.30 a.m. to 3.30 p.m. രണ്ടു സമയക്രമം പാലിക്കുന്ന രണ്ടു ബാച്ചുകൾ ഉണ്ടാവും. ജൂനിയേഴ്സ് : 4, 5, 6 സ്റ്റാൻഡേർഡുകളിൽ 2018 - 2019 വർഷം പഠിച്ചു കൊണ്ടിരിക്കുന്നവർ. സീനിയേഴ്സ്: 7, 8, 9 സ്റ്റാൻഡേർഡുകളിൽ 2018 - 2019 വർഷം പഠിച്ചു കൊണ്ടിരിക്കുന്നവർ.

## മദ്ധ്യവേനൽക്കാല ശാസ്ത്രാഭിമുഖ്യ – സമഗ്രപ്രാപ്തി വികസനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പഠന പദ്ധതികളിൽ ചിലത് ഇവയാണ്: –

പ്രസിദ്ധ ശാസ്ത്രകാരന്മാരും, അദ്ധ്യാപകരും പരീക്ഷണ ഉപകരണങ്ങളുടെ സഹായത്തോടെ നടത്തുന്ന ക്ലാസ്സുകൾ; പരീക്ഷണശാലകളിൽ ഉള്ള പരീക്ഷണങ്ങൾ (മാത്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇലക്ട്രോണിക്സ്, കംപ്യൂട്ടർ/IT) സയൻസ് പാർക്ക് (Science Park) കളിച്ചുകൊണ്ടു പഠിക്കുക; പഠിച്ചുകൊണ്ടു കളിക്കുക രീതി; ശാസ്ത്ര ഉപകരണങ്ങളുടെ പ്രദർശനം, സയൻസ് പവലിയനുകൾ (പ്രദർശനശാലകൾ); കുട്ടികളുടെ ശാസ്ത്ര ഗ്രന്ഥശാല, ക്വിസ് പരിപാടികൾ; സെമിനാറുകൾ, വ്യക്തിത്വ വികസനപരിപാടികൾ; പെരുമാറ്റ ശാസ്ത്രപാഠങ്ങൾ; സ്പോക്കൺ ഇംഗ്ലീഷ്/സ്പോക്കൺ മലയാളം ക്ലാസ്സുകൾ, കലാപ്രവർത്തനം, പുഷ്പാലങ്കാരം പോലെയുള്ള കരകൗശല വിഷയങ്ങളിൽ ലഘു പരിശീലനം;





**C-SiS**
Centre for Science in Society
Cochin University of Science & Technology
ശാസ്ത്ര സമൂഹ കേന്ദ്രം
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

സ്വായത്തമായ കഴിവുകൾ വികസിപ്പിക്കുന്ന പരിപാടികൾ; ശാസ്ത്ര മാതൃകകളുടെ നിർമ്മാണം, ഉന്നത വ്യക്തികളുമായുള്ള അഭിമുഖങ്ങൾ; ഗവേഷണ ശാലകളിലേയ്ക്കുള്ള സന്ദർശനം, ശാസ്ത്രത്തിന്റെ ചരിത്രത്തെപ്പറ്റിയും, ശാസ്ത്രജ്ഞരുടെ ജീവിതകഥകളെയും കണ്ടുപിടുത്തങ്ങളുടെ കഥകളെപ്പറ്റിയുള്ള ലഘു പ്രോജക്ടുകൾ, യുവമനസ്സുകളെ ത്രസിപ്പിക്കുന്നതിനും, ശാസ്ത്ര വിഷയങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി പ്രസിദ്ധ ശാസ്ത്രജ്ഞരുടെ പ്രതിമകൾ സജ്ജീകരിച്ചിരിക്കുന്ന മഹച്ചരിത സഞ്ചയം; പ്രസിദ്ധ ശാസ്ത്രജ്ഞരുടെ കണ്ടുപിടുത്തങ്ങളെ പരിചയപ്പെടുത്തുന്നതിനുവേണ്ടി ആ ഉപകരണങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള ക്ലാസ്സുകൾ എന്നിവയാണ് പ്രധാന പരിപാടികൾ. ഓരോ വിദ്യാർത്ഥിയും അവസാന ആഴ്ചയിൽ നടക്കുന്ന ശാസ്ത്ര പ്രദർശനത്തിൽ അവരവരുടെ പ്രോജക്ട് പ്രദർശിപ്പിക്കണം. ഇവയ്ക്ക് മെറിറ്റ് സമ്മാനം നൽകും.

**മാധ്യമങ്ങൾ** : ഇംഗ്ലീഷ്/മലയാളം മാധ്യമങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സുഗമമായി മനസ്സിലാകുന്ന രീതിയിലാണ് ക്ലാസ്സുകൾ നടത്തുക. ഇവിടെ ശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾ മനസ്സിലാക്കുകയെന്നതാണ് പ്രധാനം. അതിന് ഏതു മാധ്യമം ഉപയോഗിക്കുന്നതും അഭികാമ്യമത്രേ.

***പരീക്ഷണ നിരീക്ഷണങ്ങളാണ് C-SiS ലെ പ്രധാന പഠന മാധ്യമം!!***

M1 - ന്റെയും M2-ന്റെയും കോഴ്സ് - പാഠ്യപദ്ധതിയും, ആകെയുള്ള പ്രവർത്തനദിനങ്ങളുടെ എണ്ണവും ഒന്നുപോലെ ആയിരിക്കും. പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ള കുട്ടികൾ പങ്കെടുക്കേണ്ട തീയതികളും, ഓരോ ദിവസത്തെയും പഠന പരിപാടികളുടെ പൂർണ്ണ വിവരങ്ങളും ആദ്യ ദിവസം തന്നെ നൽകും.

**കുട്ടികളുടെ താമസസൗകര്യം: പെൺകുട്ടികൾക്ക് സമീപ പ്രദേശങ്ങളിലുള്ള ഹോസ്റ്റലുകളിൽ താമസസൗകര്യം ലഭിക്കാം. ആൺകുട്ടികൾക്ക് രക്ഷാകർത്താക്കൾ തന്നെ താമസസൗകര്യം ഏർപ്പെടുത്തണം.**

## കോസ്റ്റ് ഷെയർ/ സാമ്പത്തികം:

അഡ്മിഷൻ സമയത്ത് ആകെ അടയ്ക്കേണ്ട തുക :

| | | | |
|---|---|---|---|
| 1) | കോസ്റ്റ് ഷെയർ : | - | ₹ 5,500/- |
| 2) | പഠനോപകരണ സഹായികൾ, പ്രോജക്ട് ഗൈഡ്, C-SiS പ്രസിദ്ധീകരണങ്ങൾ (Our planet Earth, Herbal Plant Catalogue etc) | - | ₹ 1,500/- |
| | | | ------------- |
| | | | ₹ 7,000/- |



